LIBRARY ARCHIVES Kerala Legislative Assembly

ചെമ്പനോടയിൽ കന്യാസ്ത്രീമഠത്തിന് നേരെ നടന്ന അക്രമം

14 [792] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെമ്പനോടയിൽ കന്യാസ്ത്രീമഠത്തിന് നേരെ നടന്ന അക്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എപ്പോഴാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധമായി എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കാമോ ;

(സി) സംഭവം ഇപ്പോൾ ഏത് ഏജൻസിയാണ് അന്വേഷിക്കുന്നത് ;

(ഡി) ഏതെങ്കിലും പ്രതികളെ ഇതോടനുബന്ധിച്ച് അറസ്റ്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ അവരുടെ പേരു വിവരം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 9-1-2006 രാത്രി 11.15 മണിക്ക്.

(ബി) ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് പെരുവണ്ണാമൂഴി പി.എസ്. ക്രൈം 6/06 യു/എസ് 448, 427 ഐ.പി.സി. പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

(സി) പെരുവണ്ണാമൂഴി പോലീസ്.

(ഡി) (1) തോമസ് മകൻ 21 വയസ്സുള്ള സൊൾവിൻ.

(2) മാത്യു മകൻ 23 വയസ്സുള്ള മെൽവിൻ.

(3) വർഗ്ഗീസ് മകൻ 21 വയസ്സുള്ള ജിജോ എന്നീ മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

ബാലുശ്ശേരി, അത്തോളി, എലത്തൂർ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട കളവ് കേസുകൾ

15 [794] ശ്രീ. എ. സി. ഷണ്മുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, അത്തോളി, എലത്തൂർ പോലീസ് സ്റ്റേഷനുകളിൽ 2001 മുതൽ ഓരോ വർഷവും രജിസ്റ്റർ ചെയ്യപ്പെട്ട കളവ് കേസുകൾ എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത കേസ്സുകളിൽ ഓരോ പോലീസ് സ്റ്റേഷനിലും ഓരോ സാമ്പത്തിക വർഷത്തിലും തെളിയിക്കപ്പെട്ട കേസുകൾ എത്രയാണ് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ)

വർഷം	രജിസ്റ്റർ ചെയ്ത കളവുകേസുകൾ		
	ബാലുശ്ശേരി	അത്തോളി	എലത്തൂർ
2001	25	10	20
2002	38	13	53
2003	20	8	31
2004	40	9	28
2005	49	19	22
2006	4	1	2

(ബി)

വർഷം	തെളിയിക്കപ്പെട്ട കളവുകേസുകൾ		
	ബാലുശ്ശേരി	അത്തോളി	എലത്തൂർ
2001-02	1	5	5
2002-03	..	3	19
2003-04	..	4	7
2004-05	..	4	6
2005-06	1	2	6

ശ്രീമതി ഫൗസിയ, എൻ.പി.-യുടെ ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് സർട്ടിഫിക്കറ്റ് നൽകാൻ നടപടി

16 [801] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 ജനുവരിയിൽ രജി. നമ്പർ 20562 പ്രകാരം പി.എസ്.സി. നടത്തിയ ഡിപ്പാർട്ട്മെന്റ് ടെസ്റ്റിൽ പരീക്ഷയെഴുതി പാസ്സായ ശ്രീമതി ഫൗസിയ, എൻ. പി.-യുടെ ഒറിജിനൽ ഹാൾ ടിക്കറ്റ് നഷ്ടപ്പെട്ടതിനാൽ പാസ്സായ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ അപേക്ഷ പരിഗണിച്ച് ശ്രീമതി ഫൗസിയയുടെ അക്കൗണ്ട് ടെസ്റ്റ് പാസ്സായതിന്റെ സർട്ടിഫിക്കറ്റുകൾ നല്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ശ്രീമതി ഫൗസിയയ്ക്ക് എന്നത്തേക്ക് സർട്ടിഫിക്കറ്റുകൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ—സി)) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly